(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി ആൻറ് ഡി) പൊതുവിതരണ സമ്പ്രദായം അനുസരിച്ച് വിതരണം ചെയ്യുന്ന അരി തന്നെയാണ് ആദിവാസികൾക്കും വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് ചില സ്ഥലങ്ങളിൽ വിതരണം ചെയ്ത അരി പാചകത്തിന് കൂടുതൽ സമയം എടുക്കുന്നതാണെന്ന് പരാതി ലഭിച്ചിട്ടുണ്ട്. അത്തരം അരി വിതരണം ചെയ്യാതെന്ന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ തെറ്റൊന്നും ചെയ്തിട്ടില്ല.

(ഇ) പൊതുവിതരണ സമ്പ്രദായം അനുസരിച്ച് വിതരണം ചെയ്യുന്ന അരിയും ഗോതമ്പും തന്നെയാണ് ആദിവാസികൾക്കും വിതരണം ചെയ്യുന്നത്. അതുകൊണ്ട് പ്രത്യേക പരിഗണന ആവശ്യമില്ല.

Construction of Godowns for Food Corporation of India

822. **Dr. A. Subba Rao :** Will the Minister for Food & Civil Supplies be pleased to State :

(a) whether the proposal for Construction of Godowns for F.C.I. has been given up

(b) if not, which are the places selected for the purpose and capacity of each.

(c) what is the present stage of the construction of a Godown at Manjeswar.

(d) when is it expected to be taken up and completed and what is its capacity?

Answer

(a, b, c, d.) Details are being collected from F. C. I. Headquarters, New Delhi.

പോപ്പിൻെറ കേരള സന്ദർശനം സംബന്ധിച്ച് തുറന്ന ക്ഷണ സ്വറാളുകൾ

823. ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പിൻെറ വരവ് പ്രമാണിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ക്ഷണ സ്വറാളുകൾ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ തുറക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതുമൂലം ആകെ എന്തു ചെലവായി :

(സി) എത്ര വിറ്റു വരവ് ഉണ്ടായി ;

(ഡി) എത്ര സംഖ്യ നഷ്ടം വന്നു ?

ഉത്തരം

(എ) തൃശ്ശൂർ, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ക്ഷണ സ്വറാളുകൾ തുറന്നിരുന്നു.

(ബി, സി, ഡി) വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

നിയോജക മണ്ഡലത്തിൽ നിന്നുമാണ് അദ്ദേഹം കേരളാ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഇടപ്പാറം ഹരിജൻ ഹോസ്റ്റൽ, ഗവൺമെൻറ് ആശുപത്രി എന്നിവ സ്ഥാപിച്ച് കിട്ടുന്നതിനുവേണ്ടി അശ്രാന്ത പരിശ്രമം ചെയ്ത ഒരാളായിരുന്നു ശ്രീ. കുഞ്ഞൻ.

ആലപ്പുഴയിലെ പ്രമുഖ അഭിഭാഷകരിൽ ഒരാളായിരുന്ന ഷെവലിയർ ഇ. പി. വർഗ്ഗീസ് തിരുവിതാംകൂറിലെ നിവർത്തന പ്രക്ഷോഭണത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. 1945-ൽ അദ്ദേഹം കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭാ മെമ്പർ, തിരു-കൊച്ചി നിയമസഭാംഗം എന്നീ നിലകളിൽ ശ്രീ. വർഗ്ഗീസ് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പരേതരോടുള്ള ബഹുമാനസൂചകമായി നമുക്ക് അല്പ സമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അല്പ സമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

II. ചരമോപചാരം

തിരു-കൊച്ചി, കേരള നിയമസഭകളിൽ അംഗമായിരുന്ന ശ്രീ. പി. ഗോപാലൻ, മദിരാശി, കേരളാ നിയമസഭകളിൽ അംഗമായിരുന്ന ശ്രീ. ഇ. ടി. കുഞ്ഞൻ, ശ്രീമൂലം പ്രജാസഭ, തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. ഇ. പി. വർഗ്ഗീസ് എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : തിരു-കൊച്ചി, കേരള നിയമസഭകളിൽ അംഗമായിരുന്ന ശ്രീ. പി. ഗോപാലൻ, മദിരാശി നിയമസഭയിലും കേരള നിയമസഭയിലും അംഗമായിരുന്ന ശ്രീ. ടി. ഇ. കുഞ്ഞൻ, ശ്രീമൂലം പ്രജാസഭയിലും തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്ന ശ്രീ. ഇ. പി. വർഗ്ഗീസ് എന്നിവർ അന്തരിച്ച വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ ?

9.30 a.m.]

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. പി. ഗോപാലൻ, ചങ്ങനാശ്ശേരി സെൻറ് ബെർക്മാൻസ് കോളേജിലും, തിരുവനന്തപുരം ട്രെയിനിംഗ് കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കി, 30 വർഷത്തോളം അദ്ദേഹം അഞ്ചൽ സ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നല്ലൊരു മാതൃകാദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന് അദ്ധ്യാപകർക്കുള്ള സംസ്ഥാന ഗവൺമെൻറ് അവാർഡ് ലഭിക്കുകയുണ്ടായി. "ഗോപാലൻ സാർ" എന്ന് പരക്കെ അറിയപ്പെട്ടിരുന്ന അദ്ദേഹം സാമൂഹ്യ രാഷ്ട്രീയ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. അഞ്ചൽ പഞ്ചായത്ത് പ്രസിഡൻറ്, പത്തനാപുരം എസ്. എൻ. ഡി. പി. യൂണിയൻ പ്രസിഡൻറ്, എസ്. എൻ. ഡി. പി. ബോർഡംഗം,

LIBRARY ARCHIVES Kerala Legislative Assembly